I. ഇ.ബി. XV-കേരള നിയമസഭ/XIII-5

## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2025 ജനുവരി 23, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

കാട്ടാന ആക്രമണം

മി. സ്പീക്കർ: കാട്ടാന ആക്രമണത്തിൽ നിലമ്പൂർ മുത്തേടം ഉച്ചക്കുളം ഊരിലെ സരോജിനി മരണമടഞ്ഞതടക്കമുള്ള സംഭവങ്ങൾ വനയോര മേഖലയിലെ ജനങ്ങളിൽ ആശങ്ക ഉളവാക്കിയിട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ

നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവശ്രീ എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): ജനവാസ കേന്ദ്രങ്ങളിലുൾപ്പെടെ കുറേക്കാലമായി വന്യജീവി ആക്രമണങ്ങൾ നടക്കുന്നുണ്ട്. മുത്തേടത്തും കോതമംഗലത്തും വനത്തിനുള്ളിൽ വച്ചാണ് മരണം നടന്നതെങ്കിലും മരണപ്പെട്ടവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം നൽകാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഇന്ത്യയിലാദ്യമായി വന്യമൃഗ ആക്രമണം സംസ്ഥാനത്തിന്റെ സവിശേഷ ദുരന്തമായി പ്രഖ്യാപിക്കുകയും നഷ്ടപരിഹാര തുകയായ പത്ത് ലക്ഷം രൂപയ്ക്ക് പുറമെ എസ്.ഡി.ആർ.എഫ്.-ൽനിന്നും നാല് ലക്ഷം രൂപയും അനുവദിക്കാൻ സാഹചര്യമൊരുക്കിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ വനം, റവന്യൂ, തദ്ദേശ സ്വയംഭരണം വകുപ്പുമന്ത്രിമാരുടെ യോഗം ചേർന്ന് സംസ്ഥാനത്തെ വനമേഖലയെ പന്ത്രണ്ട് ഹോട്ട്സ്പോട്ടുകളായി തിരിച്ച്

പ്രത്യേക ശ്രദ്ധപതിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തുവരികയാണ്. പരിമിതികളുള്ളിൽ നിന്നുകൊണ്ട് വനംവകുപ്പ് ജീവനക്കാർ കാര്യക്ഷമമായ പ്രവർത്തനം നടത്തിയതിന്റെ ഫലമായി വന്യജീവി ആക്രമണം കുറഞ്ഞുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

<u>ഡോ. മാത്യു കുഴൽനാടൻ</u>: മലയോരമേഖല അഭിമുഖീകരിക്കുന്ന ഗൗരവതരമായ പ്രശ്നത്തിന്മേലുള്ള വകുപ്പുമന്ത്രിയുടെ പ്രതികരണം മേഖലയിലെ ജനങ്ങളോടുള്ള സർക്കാരിന്റെ അവഗണന വെളിപ്പെടുത്തുന്നതാണ്. കഴിഞ്ഞ ഒന്നര മാസത്തിനുള്ളിൽ അഞ്ചോളംപേർ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ടിട്ടുണ്ട്. കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട വീട്ടമ്മയുടെ മൃതദേഹവുമായി കോതമംഗലം ടൗണിൽ പ്രതിഷേധിച്ചവർക്കെതിരെ പോലീസ് ലാത്തിച്ചാർജ് നടത്തിയ സംഭവം പ്രതിഷേധാർഹമാണ്. ജനരോഷത്തെ തുടർന്ന് റദ്ദുചെയ്ത വനഭേദഗതി ഓർഡിനൻസിലൂടെ ബീറ്റ് ഫോറസ്റ്റ് ഓഫീസർക്കടക്കം കൂടുതൽ അധികാരങ്ങൾ നൽകാനാണ് സർക്കാർ ശ്രമിച്ചത്. നിശബ്ദ

കുടിയിറക്കമാണ് മലയോരമേഖലയിൽ നടന്നുകൊണ്ടിരിക്കുന്നത്. മലയോരമേഖലയിലെ ജനങ്ങളുടെ വികാരം ഏറ്റെടുത്തുകൊണ്ട് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ മലയോരജാഥ നടത്താനിരിക്കുകയാണ്. അത്യന്തം ഗൗരവമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: 1963-ലെ വനം നിയമത്തിൽ കാലോചിതമായ പരിഷ്കാരമാവശ്യമില്ലെന്ന നിലപാടാണോ പ്രതിപക്ഷത്തിനുള്ളതെന്ന് വ്യക്തമാക്കണം. മലയോരമേഖലയിലെ ജനങ്ങളുടെ ആവശ്യങ്ങൾക്കൊപ്പമാണ് ഇടതുപക്ഷം എപ്പോഴും നിലകൊണ്ടിട്ടുള്ളത്. കേന്ദ്ര സഹായത്തിന് കാത്തുനിൽക്കാതെ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഫണ്ടുകൂടി ഉപയോഗിച്ച് മലയോരമേഖലയിലെ ജനങ്ങൾക്ക് ആശ്വാസം പകരാനുള്ള നിലപാടുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഉൾക്കാട്ടിൽ വച്ചുണ്ടാകുന്ന മരണത്തിനുപോലും വന്യജീവി അക്രമണത്തിന്റെ പേരിലുള്ള നഷ്ടപരിഹാരം അനുവദിക്കുന്നുണ്ട്. വന്യജീവി ആക്രമണം

തടയാനാവശ്യമായ സത്വര നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. മുത്തേടം, കരുളായി എന്നീ പ്രദേശങ്ങളെ ഹോട്ട്സ്പോട്ടിലുൾപ്പെടുത്തുകയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് (വൈൽഡ് ലൈഫ്) ഓഫീസർ സ്ഥലം സന്ദർശിക്കുകയും ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ കാർഷിക വിളകൾക്ക് നൽകുന്ന നഷ്ടപരിഹാരം വർധിപ്പിക്കേണ്ടതുണ്ട്. നഷ്ടപരിഹാരം നൽകിയും ജനങ്ങൾക്കാവശ്യമായ സുരക്ഷാനടപടികൾ സ്വീകരിച്ചും പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കും. ജനോപകാരപ്രദമായ രീതിയിൽ കേന്ദ്ര വനനിയമത്തിൽ പൊളിച്ചെഴുത്തും സംസ്ഥാന വനനിയമത്തിൽ ഭേദഗതിയും വരുത്തേണ്ടതുണ്ട്. ജനങ്ങളുടെ വികാരം മനസിലാക്കി കർഷക സമൂഹത്തിന്റെ താൽപര്യങ്ങൾക്ക് ഹാനികരമാകാത്ത നടപടി മാത്രമെ സർക്കാർ സ്വീകരിക്കുകയുള്ളൂ. വനം-വന്യജീവി സംരക്ഷണ

നിയമത്തിലെ സമഗ്രമാറ്റങ്ങൾക്കുവേണ്ടി ഒരുമിച്ചുനിൽക്കണം. കർഷക സമൂഹത്തിനുണ്ടാകുന്ന പ്രശ്നങ്ങൾ യഥാസമയം പരിശോധിച്ച് തീർപ്പാക്കാനുള്ള നടപടിയാണ് സ്വീകരിക്കുന്നത്. ആയതിനാൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>): മലയോരമേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കാനുള്ള ചർച്ചകൾ മന്ത്രിസഭ-രാഷ്ട്രീയ തലങ്ങളിൽ നടത്തിയിട്ടുണ്ട്. ജനവാസ മേഖലകളിൽ നടക്കുന്ന വന്യജീവി ആക്രമണം പരിഹരിക്കണമെന്നുള്ളത് സമസ്ത ജനവിഭാഗങ്ങളുടെയും ആവശ്യമാണ്. ഈ സർക്കാർ മലയോരമേഖലയിൽ നടത്തുന്ന ജനക്ഷേമ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്താൻ പ്രതിപക്ഷത്തിന്റെ ദുരാരോപണങ്ങൾകൊണ്ട് സാധിക്കില്ല.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. കുഞ്ഞാലിക്കുട്ടി, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II. ശ്രദ്ധക്ഷണിക്കൽ

### (1) വന്യജീവികളെ നിയന്ത്രിക്കുന്നതിന് കേന്ദ്ര-സംസ്ഥാന നിയമങ്ങളിൽ ഭേദഗതി

ശ്രീ. ലിന്റോ ജോസഫ്: വന്യമൃഗങ്ങളുടെ എണ്ണം വനത്തിൽ ഉൾക്കൊള്ളാവുന്നതിലും ഇരട്ടിയായ സാഹചര്യത്തിൽ ഭക്ഷണത്തിനും വെള്ളത്തിനുമായി നാട്ടിലിറങ്ങുന്ന വന്യമൃഗങ്ങൾ നിരന്തരം മനുഷ്യരുമായി സംഘർഷത്തിലേർപ്പെടുന്ന ഗുരുതരമായ അവസ്ഥയ്ക്ക്

ശാശ്വത പരിഹാരം കാണുന്നതിന് 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള ഇടപെടൽ നടത്താനും അതിലൂടെ സംസ്ഥാനത്തിന് കൂടുതൽ അവകാശങ്ങൾ ലഭ്യമാക്കാനുമുള്ള നടപടി സ്വീകരിക്കണം. നിലവിൽ മനുഷ്യ-വന്യജീവി സംഘർഷം ഒരു സാമൂഹ്യ പ്രശ്നമായി മാറിയിരിക്കുകയാണ്. വന്യജീവി ആക്രമണത്തെ സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ച സാഹചര്യത്തിൽ ആക്രമണത്തിന് ഇരയാകുന്നവർക്കുള്ള നഷ്ടപരിഹാരം വർധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മനുഷ്യ-വന്യജീവി സംഘർഷം വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. 1972-ലെ കേന്ദ്ര വന്യജീവി (സംരക്ഷണം) നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് സംസ്ഥാന സർക്കാരിന് പരിമിതികളുള്ളതിനാലാണ് നിയമത്തിൽ കാലോചിതമായ ഭേദഗതി വരുത്തണമെന്നതുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പ്രമേയം കേരള നിയമസഭ ഐകകണ്ഠ്യേന പാസ്സാക്കിയത്.

പ്രസ്തുത പ്രമേയത്തിന്മേൽ കേന്ദ്ര സർക്കാർ നാളിതുവരെ അനുകൂല നിലപാട് സ്വീകരിച്ചിട്ടില്ല. വന്യജീവികളുടെ ആക്രമണത്തിൽ മരിക്കുന്നവരുടെ കുടുംബത്തിന് നൽകിവരുന്ന നഷ്ടപരിഹാരത്തുക വർധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കാർഷിക വിളനാശത്തിനുള്ള നഷ്ടപരിഹാരം വർധിപ്പിക്കണമെന്ന നിലപാടാണ് സർക്കാരിനുള്ളത്.

(2) തിരൂർ-നിലമ്പൂർ മെട്രോ ലൈൻ

ശ്രീ. കുറുക്കോളി മൊയ്തീൻ: മലപ്പുറം ജില്ലയിലെ വാഹനങ്ങളുടെ പെരുപ്പവും യാത്രക്കാരുടെ വർധനവും കാരണം റോഡ് ഗതാഗതം ദുസ്സഹമായ സാഹര്യത്തിൽ പുതിയ യാത്രാ മാർഗ്ഗങ്ങൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. അതിനുതകുന്നവിധം തിരൂരിൽനിന്ന് നിലമ്പൂരിലേയ്ക്ക് പുതിയ മെട്രോ ലൈൻ നിർമ്മിക്കാനാവശ്യമായ സർവെ നടത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരൂർ-നിലമ്പൂർ മെട്രോ ലൈൻ നിർമ്മാണം സംബന്ധിച്ച കാര്യം സമീപകാലത്തൊന്നും പരിഗണിക്കാൻ നിർവ്വാഹമില്ല.

## III. സബ്മിഷൻ

### (1) രാമുകാര്യാട്ട് സ്മാരക തീയറ്റർ നിർമ്മാണം

ശ്രീ. എൻ. കെ. അക്ബർ: ലോകപ്രശസ്ത സിനിമാ സംവിധായകൻ രാമുകാര്യാട്ടിന്റെ സ്മരണാർത്ഥം ചേറ്റുവയിൽ രാമുകാര്യാട്ട് സ്മാരക തീയറ്റർ നിർമ്മിക്കുന്നതിനാവശ്യമായ റവന്യൂ ഭൂമി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് കൈമാറുന്ന നടപടി ത്വരിതപ്പെടുത്തണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ ചേറ്റുവയിൽ രാമുകാര്യാട്ട് സ്മാരക തീയറ്റർ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. ചേറ്റുവയിൽ റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള 2 ഏക്കർ ഭൂമിയിൽനിന്ന് ഡി.ടി.പി.സി.-ക്ക് വഴിയോര വിശ്രമ കേന്ദ്രത്തിനായി നൽകിയ 45 സെന്റ് ഭൂമി ഒഴിവാക്കി

സ്ഥലം അളന്ന് തിട്ടപ്പെടുത്തി മൂന്നാഴ്ചയ്ക്കുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചശേഷം ഭൂമി കെ.എസ്.എഫ്.ഡി.സി.-ക്ക് കൈമാറുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(2) പായിപ്പാട്, ചങ്ങനാശ്ശേരി സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പായിപ്പാട്, ചങ്ങനാശ്ശേരി വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സംസ്ഥാനത്ത് സ്മാർട്ട് വില്ലേജ് ഓഫീസുകൾ വ്യാപകമായി ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അനുവദിക്കപ്പെട്ട വില്ലേജ് ഓഫീസുകളുടെ പ്രവർത്തനം എല്ലാ മാസവും പരിശോധിക്കുകയും ചെയ്യുന്നുണ്ട്. സ്മാർട്ട് വില്ലേജ് പദ്ധതിയിലുൾപ്പെടുത്തിയ പായിപ്പാട്,

ചങ്ങനാശ്ശേരി വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിന് 44 ലക്ഷം രൂപ വീതം പ്രത്യേക ഭരണാനുമതി നൽകുകയും നിർമ്മാണ പ്രവർത്തനങ്ങൾക്കായി ജില്ലാ നിർമ്മിതി കേന്ദ്രത്തിന് അഡ്വാൻസ് ഇനത്തിൽ 8,80,000 രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. രണ്ട് വില്ലേജ് ഓഫീസുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(3) ജലവിതാനത്തിനടിയിൽപ്പെട്ട ഭൂമിയുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകൽ

ശ്രീ. എം. വിൻസെന്റ്: കോവളം നിയോജകമണ്ഡലത്തിലെ വെള്ളായണി കായലിലെ ജലവിതാനത്തിനടിയിൽപ്പെട്ട ഭൂമിയുടെ ഉടമകൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): കോവളം നിയോജകമണ്ഡലത്തിലെ കല്ലിയൂർ-വെങ്ങാനൂർ വില്ലേജിൽപ്പെട്ടതും വെള്ളായണി കായൽ ജലവിതാനത്തിനടിയിൽപ്പെട്ടതുമായ ഭൂമിയുടെ ഉടമകൾക്ക് ന്യായമായ നഷ്ടപരിഹാരത്തുക ലഭ്യമാക്കണമെന്നാണ് സർക്കാരിന്റെ അഭിപ്രായം. എൽ.എ.ആർ.ആർ. ആക്ട് പ്രകാരം ഡി.എൽ.എഫ്.സി. ഭൂമിയുടെ കമ്പോള വില നിശ്ചയിച്ചെങ്കിലും ആയത് ഭൂവുടമകൾ അംഗീകരിക്കാത്തതിനാൽ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ നഷ്ടപരിഹാരത്തുക പത്തിരട്ടിയോളമായി പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. വർധിപ്പിച്ച തുക അനുവദിക്കുന്നതിന് ജലവിഭവ വകുപ്പിനോട് അഭ്യർഥിക്കുകയും ആയത് അനുവദിക്കുന്നമുറയ്ക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടിക്രമം പൂർത്തീകരിക്കുകയും ചെയ്യുന്നതാണ്.

## (4) ജൽജീവൻ മിഷനുവേണ്ടി പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കൽ

ശ്രീ. അൻവർ സാദത്ത്: ആലുവ നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷനുവേണ്ടി പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): എടത്തല, ചെങ്ങമനാട്, ശ്രീമൂലനഗരം, കാഞ്ഞൂർ, നെടുമ്പാശ്ശേരി പഞ്ചായത്തുകളിലായി യഥാക്രമം 12.6 കി.മീ., 60 കി.മീ., 45 കി.മീ, 17 കി.മീ., 15 കി.മീ. റോഡുകൾ പുന:സ്ഥാപിച്ചിട്ടുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ കരാറുകാർ വരുത്തിയിട്ടുള്ള വീഴ്ച പരിശോധിക്കും. റോഡിന്റെ അപകടകരമായ അവസ്ഥ പരിഹരിക്കുന്നതിനായി അത്യാവശ്യമായി പൂർത്തികരിക്കേണ്ട പ്രവൃത്തികൾ കേരള വാട്ടർ അതോറിറ്റി നേരിട്ട് നടപ്പാക്കിവരുന്നുണ്ട്.

## (5) കൊയിലാണ്ടിയിലെ തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കൽ

ശ്രീമതി കാനത്തിൽ ജമീല: കൊയിലാണ്ടിയിൽ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൂർണ്ണമായും തകർന്ന റോഡുകൾ ഗതാഗതയോഗ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട് പൊളിച്ചിട്ടിരിക്കുന്ന റോഡുകളിലെ പൈപ്പ് പുന:സ്ഥാപിച്ച് വാട്ടർ ടെസ്റ്റ് നടത്തിയാൽ മാത്രമേ സ്ഥിരമായി റെസ്റ്റോർ ചെയ്യാൻ സാധിക്കുകയുള്ളൂ. താൽക്കാലിക റെസ്റ്റൊറേഷൻ പ്രവൃത്തികൾ ചെയ്യുന്നതിന് കാലതാമസമുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. ഗ്രാമീണ റോഡുകൾ പൊളിച്ചതുമൂലം ജനങ്ങൾക്കുണ്ടായിരിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ട്.

## (6) കേരള അക്കാദമി ഓഫ് സ്കിൽസ് എക്സലൻസിന്റെ പ്രവർത്തന വിപുലീകരണം

ശ്രീ. ടി. പി. രാമകൃഷ്ണൻ: യുവാക്കൾക്ക് തൊഴിൽ ലഭിക്കുന്നതിന്റെ ഭാഗമായി നൈപുണ്യവികസനവും വിദേശ ഭാഷാപഠനവും

സാധ്യമാകത്തക്ക നിലയിലുള്ള പരിശീലന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സംസ്ഥാനത്ത് KASE-ന്റെ നേതൃത്വത്തിൽ നൈപുണ്യ പരിശീലനത്തിനാവശ്യമായ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് നാഷണൽ സ്കിൽ കോൺക്ലേവും സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സാങ്കേതിക വിദ്യാഭ്യാസ യോഗ്യതയുള്ള ഉദ്യോഗാർഥികൾക്ക് ജർമ്മൻ റെയിൽവേയിൽ ജോലി കണ്ടെത്തുന്നതിനും അവസാനവർഷ വിദ്യാർഥികൾക്ക് പ്രതിമാസ സ്റ്റൈപ്പന്റോടെ ജർമ്മനിയിൽത്തന്നെ തൊഴിലധിഷ്ഠിത തുടർവിദ്യാഭ്യാസത്തിനുമുള്ള പദ്ധതിക്ക് രൂപം കൊടുത്തിട്ടുണ്ട്. കൊച്ചി മെട്രോ റെയിൽ, സംസ്ഥാന നൈപുണ്യ വികസന മിഷൻ, നാഷണൽ സ്കിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവയുമായി സഹകരിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെട്രോ ആൻഡ് റെയിൽ ടെക്നോളജി

എന്ന പരിശീലന സ്ഥാപനം ആരംഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. 22 വയസ്സിനുതാഴെയുള്ള വിദ്യാർഥികൾക്കിടയിൽ വിവിധ തൊഴിൽ മേഖലകളെ സംബന്ധിച്ച് അവബോധം വളർത്തുന്നതിന് സംസ്ഥാന യുവജനോത്സവ മാതൃകയിൽ സ്കൂൾ/കോളേജ് വിദ്യാർഥികൾക്കായി അടുത്ത അധ്യയനവർഷം മുതൽ നൈപുണ്യ ഉത്സവം നടത്തുന്നതിനായുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നൈപുണ്യ പരിശീലന പദ്ധതികളെയും അനുബന്ധ മേഖലകളെയും സംബന്ധിച്ച സമ്പൂർണ്ണ വിവരം ലഭ്യമാക്കുന്നതിനായി ഒരു ഏകജാലക സംവിധാനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(7) <u>കായികമേളയിൽ പങ്കെടുക്കുന്നതിന് സ്കൂളുകൾക്ക് ഏർപ്പെടുത്തിയ വിലക്ക്</u>

<u>ശ്രീ. ആന്റണി ജോൺ</u>: കോതമംഗലം മാർ ബേസിൽ എച്ച്.എസ്.എസ്., നവാമുകുന്ദ എച്ച്.എസ്.എസ്. എന്നീ സ്കൂളുകൾക്ക് കായികമേളയിൽ പങ്കെടുക്കുന്നതിന് ഏർപ്പെടുത്തിയ വിലക്ക് പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സ്കൂൾ കായികമേളയുടെ സമാപന ചടങ്ങിലുണ്ടായ അനിഷ്ട സംഭവങ്ങളിൽ ഖേദം പ്രകടിപ്പിച്ചുകൊണ്ട് കോതമംഗലം മാർ ബേസിൽ എച്ച്.എസ്.എസ്., നവാമുകുന്ദ എച്ച്.എസ്.എസ്. എന്നീ സ്കൂൾ മാനേജ്മെന്റുകൾ കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ കായിക മേളയിൽ പങ്കെടുക്കുന്നതിന് ടി സ്കൂളുകൾക്ക് വിലക്ക് കല്പിച്ചുകൊണ്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവ് ഒരാഴ്ചയ്ക്കകം പിൻവലിക്കുന്നതാണ്. പ്രസ്തുത വിഷയത്തിൽ അധ്യാപകരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ച പരിശോധിച്ച് പ്രിൻസിപ്പൽ സെക്രട്ടറി റിപ്പോർട്ട് ലഭ്യമാക്കുന്നമുറയ്ക്ക് ആവശ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## (8) സ്കൂൾ തലത്തിൽ നീന്തൽ പരിശീലനം ആരംഭിക്കാനും ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കാനും നടപടി

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകാനും അതുസംബന്ധിച്ച പ്രായോഗിക ബോധന

മാർഗങ്ങൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനും ഗ്രേസ് മാർക്ക് പുനഃസ്ഥാപിക്കാനും നടപടി സ്വീകരിക്കണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): നീന്തൽ പാഠ്യപദ്ധതിയുടെ ഭാഗമാക്കുകയും ആക്ടിവിറ്റി ബുക്ക്, ടെക്സ്റ്റ് ബുക്ക് എന്നിവ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നീന്തൽ പരിശീലനം നൽകുന്നതിന് നീന്തൽ കുളങ്ങളുടെ ലഭ്യതക്കുറവുണ്ട്. നേമം നിയോജകമണ്ഡലത്തിൽ ലോകാരോഗ്യ സംഘടനയുടെ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകളെയുൾപ്പെടുത്തി പ്രൈമറി തലംമുതൽ കുട്ടികളെ നീന്തൽ പഠിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇത് സംസ്ഥാന വ്യാപകമായി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. നീന്തൽ അറിയാവുന്ന കുട്ടികൾക്ക് പ്ലസ് വൺ പ്രവേശനത്തിന് ഗ്രേസ് മാർക്ക് നൽകുന്നതിനെക്കുറിച്ച് സർക്കാർ പുനരാലോചന നടത്തുന്നതാണ്.

(9) പനമ്പിലാവ് പാലം പുനർനിർമ്മാണം

ശ്രീ. പി. കെ. ബഷീർ: ഊർങ്ങാട്ടിരി പഞ്ചായത്തിൽ

ശോചനീയാവസ്ഥയിലായ പനമ്പിലാവ് പാലം പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): നബാർഡ്, ആർ.ഐ.ഡി.എഫ്. പദ്ധതിയിലുൾപ്പെടുത്തി പനമ്പിലാവ് പാലം പുനർനിർമ്മിക്കുന്നതിന് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും ബജറ്റ് വിഹിതമില്ലാത്തതിനാൽ അനുമതി ലഭിച്ചിരുന്നില്ല. ബജറ്റ് പ്രൊവിഷൻ ലഭ്യമാകുന്നതിനനുസരിച്ചോ സാമ്പത്തികനിലയ്ക്കനുസരിച്ചോ പാലം പുനർനിർമ്മിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതാണ്.

(10) വടകര-വില്യാപ്പള്ളി ചേലക്കാട് റോഡ് നിർമ്മാണം

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: വടകര-വില്യാപ്പള്ളി ചേലക്കാട് വഴി വയനാട്ടിലേക്കുള്ള റോഡിലെ കൈയേറ്റങ്ങൾ മാർക്ക് ചെയ്ത സ്ഥലത്ത് സർവെക്കല്ലുകൾ സ്ഥാപിക്കാനും പുതുക്കിയ ഡി.പി.ആർ. പ്രകാരം ടെൻഡർ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബിയിലുൾപ്പെടുത്തി സാമ്പത്തികാനുമതി നൽകിയ കോഴിക്കോട് ജില്ലയിലെ വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡിന്റെ ചെയിൻ 5/700 മുതൽ 14/184 വരെ full depth reclamation സാങ്കേതികവിദ്യയിലും ബാക്കി ഭാഗം BM&BC നിലവാരത്തിലും വികസിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ഇതനുസരിച്ച് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി കിഫ്ബിക്ക് സമർപ്പിക്കുകയും ഉപാധികളോടുകൂടി അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. കിഫ്ബി നിർദേശിച്ച മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് പുനർസമർപ്പിക്കുന്നതിന് KRFB - PMU പ്രോജക്ട് ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

(11) കീഴില്ലം-പാണിയേലിപ്പോര് റോഡ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ കീഴില്ലം-പാണിയേലിപ്പോര് റോഡ് നിർമ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): കിഫ്ബിയിലുൾപ്പെടുത്തി ഭരണാനുമതി നൽകി മൂന്ന് റീച്ചുകളിലായി പ്രവൃത്തി നടത്താൻ തീരുമാനിച്ചിരുന്ന പുല്ലുവഴി-പാണിയേലിപ്പോര് റോഡിന്റെ സ്ഥലമേറ്റെടുക്കൽ വൈകുന്നതിനാൽ ടി റോഡ് BM&BC നിലവാരത്തിൽ നവീകരിക്കണമെന്ന നിർദേശം ഉയർന്നുവന്നതിൻപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത വിഷയം കിഫ്ബിയുമായി ചർച്ച ചെയ്യാൻ KRFB-PMU പ്രോജക്ട് ഡയറക്ടറെ ചുമതലപ്പെടുത്തുന്നതാണ്.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V. ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. സർക്കാരിനെതിരെയുള്ള പ്രതിപക്ഷത്തിന്റെ മനോഭാവത്തിൽ മാറ്റംവരുത്തണം. സംസ്ഥാന സ്കൂൾ യുവജനോത്സവം കുറ്റമറ്റരീതിയിൽ നടത്തിയ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. സി.ആൻഡ് എ.ജി. റിപ്പോർട്ട് രാഷ്ട്രീയവൽക്കരിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. മലയോര-തീരദേശ പ്രദേശങ്ങളിലെ ജനങ്ങളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സർക്കാരിന് വീഴ്ച സംഭവിച്ചിട്ടില്ല.

ശ്രീ. ടി. ജെ. വിനോദ്: നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. സി.ആൻഡ് എ.ജി. റിപ്പോർട്ട് രാഷ്ട്രീയപ്രേരിതമെന്ന ആക്ഷേപം ശരിയല്ല. സാമ്പത്തികരംഗം കൈകാര്യം ചെയ്യുന്നതിൽ സംസ്ഥാന സർക്കാർ സമ്പൂർണ്ണ പരാജയമാണ്. അടുത്ത മാർച്ച് മാസത്തോടുകൂടി സംസ്ഥാനത്തിന്റെ ആകെ കടം 4.48 ലക്ഷം കോടി

ത്രുപയാകുമെന്നതാണ് സാമ്പത്തിക വിദഗ്ധരുടെ വിലയിരുത്തൽ. വികസന പദ്ധതികൾക്ക് കടമെടുക്കുന്ന തുക വകമാറ്റി ചെലവഴിക്കുന്നത് ന്യായീകരിക്കാൻ കഴിയില്ല. ധനകാര്യ വകുപ്പിൽനിന്നും യഥാസമയം അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ ലഭിക്കാത്തതിനാൽ വികസന പ്രവർത്തനങ്ങൾ മുടങ്ങുന്ന അവസ്ഥയാണുള്ളത്. മഞ്ഞപ്പിത്തം പോലുള്ള രോഗങ്ങൾ പടർന്നുപിടിക്കുന്നതും കേരളത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്ത നിരവധി രോഗങ്ങൾ തിരിച്ചുവരുന്നതും ആരോഗ്യമേഖലയുടെ തകർച്ചയെ സൂചിപ്പിക്കുന്നു. ഗുരുതര രോഗങ്ങൾക്ക് കാരുണ്യ സുരക്ഷാ പദ്ധതി (KASP) വഴി പണം നൽകാത്തതും മരുന്നുവിതരണ കമ്പനികൾക്ക് കുടിശ്ശിക നൽകാത്തതും ചികിത്സാരംഗത്തെ പ്രതികൂലമായി ബാധിക്കുന്നു. മുനമ്പത്ത് അറുന്നൂറോളം കുടുംബങ്ങൾക്ക് കൈവശാവകാശം പുനഃസ്ഥാപിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണം.

<u>ശ്രീ. വി. ശശി</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. ജനകീയ സർക്കാർ നടത്തിയ വികസന പ്രവർത്തനങ്ങൾ സമൂഹത്തിൽ

സൃഷ്ടിച്ച ഗുണപരമായ മാറ്റങ്ങളും നേട്ടങ്ങളുമാണ് നയപ്രഖ്യാപനത്തിലുള്ളത്. കാലാവസ്ഥാ പ്രതിരോധ കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനും തരിശുരഹിത ഗ്രാമങ്ങൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് കൃഷി വകുപ്പ് നടപ്പാക്കിയ പദ്ധതികൾ ശ്രദ്ധേയമാണ്. മൃഗസംരക്ഷണം, ക്ഷീരവികസനം എന്നീ വകുപ്പുകൾ നടപ്പാക്കുന്ന പദ്ധതികൾ കർഷകരുടെ സാമ്പത്തിക സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതും കേരളത്തിന്റെ ക്ഷീരോൽപാദന ആവശ്യങ്ങൾ സുസ്ഥിരമാക്കുന്നതുമാണ്. ഐ.ടി. രംഗത്ത് വൻകുതിച്ചുചാട്ടമാണ് ഉണ്ടായിരിക്കുന്നത്. ടെക്നോപാർക്ക്, ഇൻഫോപാർക്ക്, സൈബർ പാർക്ക് എന്നിവിടങ്ങളിൽ ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. കേരളത്തിൽ വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥ സൃഷ്ടിക്കുന്നതിനും മനുഷ്യവിഭവശേഷിക്ക് അനുയോജ്യമായ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതിനും തുടക്കം കുറിച്ചുകൊണ്ട് നടപ്പാക്കുന്ന ശ്രദ്ധേയമായ പദ്ധതിയാണ് 'കേരള നോളജ് ഇക്കോണമി മിഷൻ'. വിഴിഞ്ഞം പദ്ധതിയുടെ പൂർത്തീകരണം സർക്കാരിന്റെ ഏറ്റവും

വലിയ നേട്ടമാണ്. ദേശീയപാതകളുടെ വികസന പ്രവർത്തനങ്ങളോടൊപ്പം മലയോര-തീരദേശ-ജലപാത, റെയിൽവേ ക്രോസ്സുകളില്ലാത്ത കേരളം എന്നീ പദ്ധതികൾ ദ്രുതഗതിയിൽ മുന്നേറുന്നതിൽ സർക്കാരിന് അഭിമാനിക്കാവുന്നതാണ്. പതിനാറാം ധനകാര്യ കമ്മീഷന്റെ സന്ദർശനവേളയിൽ സംസ്ഥാനത്തിന്റെ പ്രശ്നങ്ങൾ ഫലപ്രദമായി അവതരിപ്പിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. മണ്ഡല-മകരവിളക്കുകാലം പരാതിരഹിത തീർത്ഥാടനകാലമാക്കി മാറ്റിയ സർക്കാരിനെ അഭിനന്ദിക്കുന്നു. വിദ്യാർത്ഥികളുടെ വിദേശത്തേക്കുള്ള ഒഴുക്ക് തടയാൻ ഉന്നതവിദ്യാഭ്യാസ മേഖലയിൽ വരുത്തിയ മാറ്റം അഭിനന്ദനാർഹമാണ്. സ്പെയിൻ, അർജന്റീന ഉൾപ്പെടെയുള്ള രാജ്യങ്ങളുമായുള്ള സഹകരണവും ഒളിമ്പിക് സപ്പോർട്ട് സ്കീമും മാറ്റത്തിന് തുടക്കം കുറിക്കുന്നവയാണ്.

ശ്രീ. അനൂപ് ജേക്കബ്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. കാർഷിക-വ്യാവസായിക-പൊതുവിതരണ മേഖലകൾ

പ്രതിസന്ധി നേരിടുകയാണ്. ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ കുറവ്, മരുന്ന് ക്ഷാമം, ഐസൊലേഷൻ വാർഡ് നിർമ്മാണത്തിലെ അപാകതകൾ എന്നിവ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. കോട്ടയം, ആലപ്പുഴ, എറണാകുളം ജില്ലകളിലെ കുടിവെള്ള പദ്ധതികളെ ബാധിക്കുന്ന മീനച്ചിലാർ പദ്ധതി നടപ്പാക്കാനുള്ള തീരുമാനം ഉപേക്ഷിക്കണം.

ശ്രീ. കെ. എം. സച്ചിൻദേവ്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികയിലും പബ്ലിക് അഫയേഴ്സ് സൂചികയിലും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിലും ഇന്ത്യാ ടുഡേയുടെ ഹാപ്പിനസ് ഇൻഡക്സ് സർവെയിലും കേരളം ഒന്നാമതെത്തിയത് അഭിമാനകരമാണ്. നീതി ആയോഗിന്റെ സൂചിക പ്രകാരം ദാരിദ്ര്യം ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. ഇന്ത്യയിൽ ആദ്യമായി ഡിജിറ്റൽ സർവകലാശാലയും ഗ്രാഫീൻ സെന്ററും ഡിജിറ്റൽ സയൻസ് പാർക്കും വാട്ടർ മെട്രോയും ആരംഭിക്കാൻ കഴിഞ്ഞതിൽ കേരളത്തിന്

അഭിമാനിക്കാവുന്നതാണ്. സമ്പൂർണ്ണ ഭവന വൈദ്യുതീകരണം നടത്തിയ രാജ്യത്തെ ഒരേയൊരു സംസ്ഥാനമാണ് കേരളം. ഇന്റർനെറ്റ് സൗകര്യം ജനങ്ങളുടെ അവകാശമായി പ്രഖ്യാപിച്ചതും ഇന്റർനെറ്റ് സാക്ഷരത നടപ്പാക്കിയതും ലോകത്തിനുതന്നെ മാതൃകയാണ്. ഉന്നതവിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ വൻ നേട്ടമുണ്ടാക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. വ്യാജപ്രചാരണങ്ങളിലൂടെ വികസനപ്രവർത്തനങ്ങൾക്ക് തുരങ്കംവയ്ക്കാനാണ് പ്രതിപക്ഷം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ലോകത്തിന് മാതൃകയാകാൻ കഴിയുന്ന പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിന് എല്ലാവിധ പിന്തുണയും നൽകുന്നു.

ശ്രീമതി ഒ. എസ്. അംബിക: നന്ദിരേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽപ്പെടുന്ന സ്ത്രീകൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, കുട്ടികൾ എന്നിവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള നിരവധി പദ്ധതികൾ

ആവിഷ്കരിച്ച് നടപ്പാക്കിയത് അഭിനന്ദനാർഹമാണ്. അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാതെ സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങളെ അട്ടിമറിക്കുന്നതിനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. ഗ്രാമീണമേഖലയിൽ ഏറ്റവും ഉയർന്ന വേതനം നൽകുന്ന സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പാക്കിയതും സ്റ്റാർട്ടപ്പുകൾക്ക് തുടക്കംകുറിച്ചതും സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കി മാറ്റിയതും എടുത്തുപറയത്തക്കതാണ്. മൂന്ന് വർഷംകൊണ്ട് 180887 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. ഭൂരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്കെത്തുന്നതിനുള്ള നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. കിഫ്ബിയിലൂടെ പൊതുമരാമത്തുവകുപ്പിനുകീഴിൽ 18445 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്. ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾ ഉൾപ്പെടെ സമസ്ത മേഖലകളിലേയും അടിസ്ഥാന സൗകര്യ

വികസനത്തിൽ കുതിച്ചുചാട്ടമുണ്ടാക്കിയ കിഫ്ബിക്കെതിരെ പ്രതിപക്ഷം വ്യാജപ്രചാരണങ്ങളാണ് നടത്തുന്നത്. എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഉന്നമനത്തിനായി ബജറ്റിൽ തുക നീക്കിവയ്ക്കുന്നത് മാതൃകാപരമാണ്.

ശ്രീ. കെ. പി. മോഹനൻ: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. നിശ്ചയദാർഢ്യത്തോടെ ജനോപകാരപ്രദമായ നയങ്ങൾ നടപ്പാക്കുന്നുവെന്നതിന്റെ തെളിവാണ് നയപ്രഖ്യാപനം. സംസ്ഥാനത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണനയ്ക്കെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്. കേന്ദ്ര പദ്ധതികൾ നടപ്പാക്കുന്നതിനും സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പ്രതിജ്ഞാബദ്ധമായ സർക്കാരാണിത്. ദേശീയപാത വികസനം നടപ്പാക്കിയതും ആയിരം കോടി രൂപയുടെ തദ്ദേശീയ റോഡ് പുനരുദ്ധാരണ പദ്ധതിക്ക്

ഭരണാനുമതി നൽകിയതും മാതൃകാപരമാണ്. സഹകരണമേഖലയിൽ നേരിട്ടുള്ള വ്യാപാരത്തിനായി 'അങ്ങാടി കേരള ആപ്പ്' ഡിജിറ്റൽ പ്ലാറ്റ്ഫോം, വനിതാ സഹകരണ സംഘങ്ങളുടെ അപ്പെക്സ് ബോഡിയായ വനിതാ ഫെഡറേഷൻ എന്നിവ ആരംഭിക്കുമെന്ന പ്രഖ്യാപനം അഭിനന്ദനീയമാണ്. 'ഭൂരഹിതരില്ലാത്ത കേരളം' എന്ന ലക്ഷ്യം കൈവരിക്കാനുള്ള പദ്ധതികളുമായി മുന്നോട്ടുപോകുന്നതും അർഹതപ്പെട്ട ആനുകൂല്യങ്ങൾ നൽകാതെ സാമ്പത്തികമായി ഞെരുക്കുന്ന സമീപനം കേന്ദ്ര സർക്കാർ സ്വീകരിച്ചിട്ടും സമസ്ത മേഖലയിലും മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടമാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി അപകടകരമായ രീതിയിൽ മോശമായിക്കൊണ്ടിരിക്കുകയാണ്. ഒന്നാംസ്ഥാനം നേടിയിരുന്ന പല മേഖലകളിൽനിന്നും കേരളം പിന്തള്ളപ്പെടുകയും വിദേശ വരുമാനത്തിൽ വൻതോതിൽ

ഇടിവുണ്ടായിരിക്കുകയുമാണ്. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലുണ്ടായ നിലവാരത്തകർച്ച കാരണം വിദ്യാർഥികൾ വിദേശത്തും മറ്റുമുള്ള ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ആശ്രയിക്കുന്ന സ്ഥിതിയാണുള്ളത്. അർഹതപ്പെട്ട ആനുകൂല്യങ്ങൾ കേന്ദ്ര സർക്കാർ നൽകുന്നില്ലെന്നത് യാഥാർഥ്യമാണെങ്കിലും നിയമപരമായി ലഭിക്കുമായിരുന്ന UGC ഗ്രാന്റ് പോലും നേടിയെടുക്കാൻ കേരളത്തിന് സാധിക്കുന്നില്ല. വന്യജീവി ആക്രമണങ്ങളിൽനിന്ന് ജനങ്ങളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാത്തത് അപലപനീയമാണ്. ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷമാണ്. സർക്കാർ ജീവനക്കാരുടെ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നില്ലെന്ന് മാത്രമല്ല പല ഇൻഷ്വറൻസ് പദ്ധതികളും നിർത്തലാക്കിയിരിക്കുകയുമാണ്. ജൽജീവൻ മിഷൻ ഉൾപ്പെടെ പല കേന്ദ്രാവിഷ്കൃത പദ്ധതികളുമായും ബന്ധപ്പെട്ട കേന്ദ്ര വിഹിതം നേടിയെടുക്കാൻ സാധിക്കുന്നില്ല. പൊതുവിതരണ സമ്പ്രദായം തകർന്നുകൊണ്ടിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ

ജീവനക്കാർക്ക് ശമ്പളം നൽകുന്നില്ല. കേരളം ലഹരിയുടെ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. വയനാട് പാക്കേജ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.

ശ്രീ. കെ. വി. സുമേഷ്: നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ പിന്താങ്ങുന്നു. കേന്ദ്ര സർക്കാരിന്റെ കടുത്ത സാമ്പത്തിക ഉപരോധങ്ങൾക്കിടയിലും കേരളം ഒരു ബദൽ വികസന കാഴ്ചപ്പാടോടെ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഫെഡറൽ തത്വത്തിന് വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന കേന്ദ്ര സർക്കാരിനെതിരെ പ്രതികരിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് ഖേദകരമാണ്. വയനാട് പുനരധിവാസവുമായി ബന്ധപ്പെട്ട് മനഃസാക്ഷിയില്ലാത്ത നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും വികസന-ക്ഷേമ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. സാമൂഹ്യക്ഷേമ പെൻഷൻ കുടിശ്ശിക നൽകാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. വസ്തുതാവിരുദ്ധമായ അഴിമതി ആരോപണങ്ങളുന്നയിച്ച് വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന

പ്രതിപക്ഷ നിലപാട് അപലപനീയമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ പാലിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപത്തെ എതിർക്കുന്നു. ആവർത്തനവിരസവും നയമില്ലാത്തതുമായ നയപ്രഖ്യാപന പ്രസംഗമാണ് നടത്തിയിട്ടുള്ളത്. നികതി പിരിച്ചെടുക്കുന്നതിലും നികതിച്ചോർച്ച തടയുന്നതിലും പൊതുവിപണിയിലെ വില നിയന്ത്രിക്കുന്നതിലും സർക്കാർ പൂർണ്ണ പരാജയമാണ്. ധനപ്രതിസന്ധി പൊതുജനാരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള സമസ്തമേഖലകളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കയർ, കൈത്തറി, കശുവണ്ടി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. മയക്കുമരുന്നുൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ വ്യാപനം തടയാനും സ്ത്രീ സുരക്ഷ ഉറപ്പാക്കാനും സർക്കാരിന് കഴിഞ്ഞിട്ടില്ല. കോവിഡ്

കാലത്ത് പി.പി.ഇ. കിറ്റ് വാങ്ങിയതിൽ കോടിക്കണക്കിന് രൂപയുടെ അഴിമതി നടന്നുവെന്ന പ്രതിപക്ഷ ആരോപണം ശരിവയ്ക്കുന്ന റിപ്പോർട്ടുകളാണ് സി.&എ.ജി. പുറത്തുവിട്ടിരിക്കുന്നത്. ഡൽഹി മദ്യ അഴിമതി കേസിൽ ആരോപണം നേരിടുന്ന ഒയാസിസ് കമ്പനിക്ക് പാലക്കാട് ജില്ലയിൽ ബ്രൂവറി പ്ലാന്റ് സ്ഥാപിക്കാൻ അനുമതി നൽകിയ നടപടി പുനഃപരിശോധിക്കണം. ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചിരുന്ന കെ.എഫ്.സി.-യുടെ കരുതൽ ധനം നിയമം ലംഘിച്ച് ലിക്വിഡേറ്റ് ചെയ്യാനിരുന്ന സ്വകാര്യ കമ്പനിയിൽ നിക്ഷേപിച്ച് പണം നഷ്ടപ്പെടുത്തിയവർക്കെതിരെ നടപടി സ്വീകരിക്കണം. സ്മാർട്ട് സിറ്റി പദ്ധതി കരാർ നടപ്പാക്കുന്നതിൽ വീഴ്ച വരുത്തിയ ടീകോം കമ്പനിക്ക് സർക്കാർ നഷ്ടപരിഹാരം നൽകിയത് എന്തിനാണെന്ന് വ്യക്തമാക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (<u>ശ്രീ. ജി. ആർ. അനിൽ</u>): റേഷൻ വിതരണവുമായി ബന്ധപ്പെട്ട പ്രതിപക്ഷ ആരോപണങ്ങൾ തെറ്റിദ്ധാരണാജനകമാണ്. ആവശ്യത്തിന് ഭക്ഷ്യധാന്യങ്ങൾ മുൻകൂട്ടി സ്റ്റോക്ക് ചെയ്തതിനാൽ ട്രാൻസ്പോർട്ട് കോൺട്രാക്ടർമാരുടെ പണിമുടക്ക്

റേഷൻ വിതരണത്തെ ബാധിച്ചിട്ടില്ല. എല്ലാ മാസവും 85 ശതമാനത്തോളംപേർ പൊതുവിതരണ സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്. മൂന്നര വർഷത്തിനുള്ളിൽ 5.12 ലക്ഷം പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ച ആരോപണങ്ങൾ വസ്തുതാവിരുദ്ധമാണ്. യു.ഡി.എഫ്. ഗവൺമെന്റ് ഒരു കുടുംബത്തിന് നൽകിയിരുന്ന 30000 രൂപയുടെ ഇൻഷ്വറൻസ് ചികിത്സാ ധനസഹായം സ്റ്റേറ്റ് ഹെൽത്ത് ഏജൻസിയിലൂടെ അഞ്ച് ലക്ഷം രൂപയായി ഉയർത്തുകയും 2024-ൽ 6.75 ലക്ഷം ക്ലെയിമുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കാസ്പ് പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും അനുകൂല പ്രതികരണം ലഭിച്ചിട്ടില്ല. കേന്ദ്ര ഡ്രഗ്സ് കൺട്രോളർ നിഷ്കർഷിച്ച ഗുണനിലവാരം ഉറപ്പുവരുത്തിയാണ് കെ.എം.എസ്.സി.എൽ. മരുന്ന് വാങ്ങുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ മരുന്നിന്റെ കുറവ് പരിഹരിക്കാൻ

സർക്കാർ തലത്തിൽ ഇടപെടൽ നടത്തിയിട്ടുണ്ട്. കാലഹരണപ്പെട്ട മരുന്നുകൾ വിതരണം ചെയ്തെന്ന സി.&എ.ജി. റിപ്പോർട്ടിലെ പരാമർശത്തിന്മേൽ കൃത്യമായ മറുപടി നൽകിയിരുന്നെങ്കിലും അത് പരിഗണിക്കപ്പെട്ടില്ല. മഹാമാരിക്കാലത്ത് ആഗോളതലത്തിൽ പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ള സാമഗ്രികൾക്ക് ദൗർലഭ്യം നേരിട്ടതിനാലാണ് ഉയർന്ന വിലയ്ക്ക് സംഭരിക്കേണ്ടിവന്നത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രകടനപത്രികയിലെ വാഗ്ദാനങ്ങൾ നടപ്പാക്കിക്കൊണ്ട് അത് ജനസമക്ഷം അവതരിപ്പിച്ചാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. മുൻ സർക്കാരിന്റെ കാലത്ത് മുടങ്ങിക്കിടന്നതും ഉപേക്ഷിച്ചതുമായ പല പദ്ധതികളും യാഥാർത്ഥ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 2028-ഓടെ വിഴിഞ്ഞം തുറമുഖം പൂർണ്ണതോതിൽ പ്രവർത്തനപഥത്തിലെത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. പശ്ചാത്തല സൗകര്യ വികസനത്തിൽ വലിയ മുന്നേറ്റത്തിനും വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ

കാലത്തുണ്ടായിരുന്ന 300 സ്റ്റാർട്ടപ്പുകൾ 6100 സ്റ്റാർട്ടപ്പുകളായി വർധിപ്പിക്കാനും ഐ.ടി./വ്യാവസായിക മേഖലയിൽ നല്ല പുരോഗതി കൈവരിക്കാനുമായിട്ടുണ്ട്. കാർഷികമേഖലയെ ഉത്തേജിപ്പിക്കുന്നതിന് ശക്തമായ നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി നെൽ കൃഷി 2.5 ലക്ഷം ഹെക്ടറിലേക്കും പച്ചക്കറി കൃഷി 1.2 ലക്ഷം ഹെക്ടറിലേക്കും വ്യാപിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. നാളികേരത്തിന്റെ താങ്ങുവില വർധിപ്പിക്കാനും കേരഗ്രാമം പദ്ധതി വ്യാപിപ്പിക്കാനും സാധിച്ചു. റബ്ബർ സബ്സിഡി 600 കോടി രൂപയാക്കി വർധിപ്പിക്കുകയും റബ്ബറിന്റെ താങ്ങുവില 250 രൂപയാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്രസർക്കാരിന് നിവേദനം നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീര മേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ച കർമ്മപദ്ധതികളിൽ ഉൾപ്പെടുത്തി 10000 ഉരുക്കളെ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കി. 40 തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുകയാണ്. ശാസ്ത്ര-സാങ്കേതികരംഗത്തും കേരളം വലിയ മുന്നേറ്റമാണ് നടത്തുന്നത്. 63.67 ലക്ഷം പേർക്കാണ് 1600 രൂപ വീതം

സാമൂഹ്യസുരക്ഷാ പെൻഷൻ നൽകുന്നത്. പരമ്പരാഗത തൊഴിൽ മേഖലയ്ക്കുള്ള ഇൻകം സപ്പോർട്ട് സ്കീമിന് 550 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. ഖാദി മേഖലയിൽ ഈ വർഷം 437 കോടി രൂപയും കയർമേഖലയിൽ 1600 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിൽ മേഖലയെ കൂടുതൽ ശക്തീകരിച്ചുമുന്നോട്ടുപോകാനാണ് ശ്രമിച്ചിട്ടുള്ളത്. ലൈഫ് പദ്ധതിയിലൂടെ 427736 വീടുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്, 111306 വീടുകളുടെ പണി നടന്നുകൊണ്ടിരിക്കുകയാണ്. പുനർഗേഹം, ലൈഫ് മിഷൻ പദ്ധതികൾ മുഖാന്തരം മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെ ധാരാളം കുടുംബങ്ങൾക്ക് വീടുകൾ ലഭ്യമാക്കുകയും വിവിധ സ്ഥലങ്ങളിലായി ഫ്ലാറ്റുകളുടെയും വീടുകളുടെയും നിർമ്മാണം പുരോഗമിക്കുകയുമാണ്. അഞ്ചുലക്ഷം പട്ടയം വിതരണം ചെയ്യുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ആരോഗ്യ മേഖലയിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും മരുന്നുക്ഷാമം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 658 കുടുംബാരോഗ്യ കേന്ദ്രങ്ങൾ യാഥാർഥ്യമാക്കുകയും ബാക്കിയുള്ളവ

എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിടുന്നത്. സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ നെറ്റ്‌വർക്ക് സംവിധാനം സാക്ഷാൽകരിക്കുകയും സാന്ത്വനപരിചരണ ഗ്രിഡ് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തെ ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റാനുള്ള പ്രവർത്തനമാണ് നടത്തുന്നത്. സംസ്ഥാനത്തെ 8 സർവകലാശാലകൾക്കും 359 കോളേജുകൾക്കും NAAC അക്രെഡിറ്റേഷനും കേരള/എം.ജി. സർവകലാശാലകൾക്ക് എ++-ഉം കാലടി സർവകലാശാലയ്ക്ക് എ+ ഗ്രേഡും കരസ്ഥമാക്കാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ സർവകലാശാലകളുടെ റാങ്കിങ്ങിൽ ആദ്യത്തെ 12-ൽ 3 എണ്ണം കേരളത്തിലെ സർവകലാശാലകൾക്കാണ് ലഭിച്ചത്. കേരളത്തിലെ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ റെക്കോഡ് വർധനവ് കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. 2016-21 കാലത്ത് 400 മെഗാവാട്ട് വൈദ്യുതി അധികമായി ഉൽപാദിപ്പിക്കാൻ സാധിച്ചു. കേരളത്തിന്റെ പ്രസരണ ഇടനാഴി 400 KV-ലേക്ക് ഉയർത്തുന്നതിന് പതിനായിരം കോടി രൂപയുടെ ട്രാൻസ്‌ഗ്രിഡ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പ്രാഥമിക സഹകരണ സംഘങ്ങളിൽ കോമൺ സോഫ്റ്റ്‌വെയർ നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. നിലവിൽ 54.5 ശതമാനം ഗ്രാമീണ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വെൽ സെൻസസ് പൂർത്തിയാകുന്നതോടെ എല്ലാ പ്രദേശങ്ങളിലെയും ഭൂജലവിഭവശേഷി മനസിലാക്കാനും വരൾച്ചാസാധ്യത മേഖലകൾ കണ്ടെത്തി ശാസ്ത്രീയപദ്ധതി ആവിഷ്കരിക്കാനും വരൾച്ചാമുന്നൊരുക്ക പ്രവർത്തനം ആസൂത്രണം ചെയ്യാനും ശുദ്ധജലലഭ്യത ഉറപ്പാക്കാനും ജലജന്യ രോഗങ്ങൾ തടയാനും സാധിക്കുന്നതാണ്. 1000 കോടി രൂപയുടെ ഭരണാനുമതി നൽകിയ 3540 ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം സമയബന്ധിതമായി പൂർത്തിയാക്കും. അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി കർമ്മ പദ്ധതി ആവിഷ്കരിക്കുകയും 2025 നവംബർ 1-ഓടെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി കേരളം മാറുന്നതുമാണ്. കഴിഞ്ഞ ഏഴുവർഷം കൊണ്ട് ദുരിതാശ്വാസ നിധിയിൽനിന്ന് 8400 കോടി രൂപ അനുവദിക്കുകയും പൊതുവിതരണ

സമ്പ്രദായം ശക്തിപ്പെടുത്താനായി 14,000 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് 1450-ലധികം റേഷൻ കടകളെ കെ-സ്റ്റോറാക്കി മാറ്റുകയും ഈ സാമ്പത്തിക വർഷം 2000 കെ-സ്റ്റോറുകൾ കൂടി പ്രവർത്തനസജ്ജമാക്കുകയും ചെയ്യുന്നതാണ്. നാലേകാൽ ലക്ഷത്തോളം മുൻഗണനാ കാർഡുകൾ ലഭ്യമാക്കാനും മാവേലി സ്റ്റോർ മുഖേന 13 ഇനം അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യാനും 109 സപ്ലൈകോ വിതരണശാലകൾ നവീകരിച്ച് പ്രവർത്തനമാരംഭിക്കാനും സാധിച്ചിട്ടുണ്ട്. ദേശീയപാത വികസനത്തിനായി 6,769 കോടി രൂപ ചെലവഴിച്ചു. ദേശീയപാത 66-ന്റെ പ്രവൃത്തി പുരോഗമിക്കുകയും മലപ്പുറം ജില്ലയിലെ ദേശീയപാത വികസനം അന്തിമഘട്ടത്തിലുമാണ്. തിരുവനന്തപുരം ബൈപാസ്, കഴക്കൂട്ടം ഫ്ലൈഓവർ, പാലൊളി-മൂരാട് പാലം, നീലേശ്വരം റെയിൽവേ ഓവർബ്രിഡ്ജ്, കുതിരാൻ ടണൽ, മൂന്നാർ-ബോഡിമെട്ട് ദേശീയപാത എന്നിവയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എം.ഡി.എം.എ., ഓൺലൈൻ തട്ടിപ്പ്, അന്തർസംസ്ഥാന ലഹരി കടത്ത്, എ.ടി.എം.

കൊള്ള, സൈബർ തട്ടിപ്പ്, കണ്ണൂർ വളപട്ടണം മോഷണക്കേസ്, ഷാരോൺ വധക്കേസ് എന്നിവയിലെ പ്രതികളെ കണ്ടെത്തി അറസ്റ്റ് ചെയ്യാനായത് സംസ്ഥാന പോലീസിന്റെ കുറ്റാന്വേഷണ മികവിന്റെ തെളിവാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ടുൾപ്പെടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ശബരിമല തീർഥാടകർക്ക് സുഗമമായ ദർശനമൊരുക്കാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പ്രതിസന്ധിക്കിടയിലും സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യാനും കുടിശ്ശിക സമയബന്ധിതമായി തീർപ്പാക്കാനും സർക്കാർ ജീവനക്കാരുടെ ആനുകൂല്യങ്ങൾ കൊടുത്തുതീർക്കാനുമാണ് സർക്കാർ നടപടി സ്വീകരിക്കുന്നത്. മുണ്ടക്കൈ, ചൂരൽമല ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ മതിയായ സഹായം ലഭ്യമാക്കാത്തതിനെതിരെ കേരളത്തിൽനിന്നുള്ള എം.പി.-മാരുൾപ്പെടെയുള്ളവർ യോജിച്ച നിലപാട് സ്വീകരിച്ചത് സ്വാഗതാർഹമാണ്. ടി പ്രദേശങ്ങളിൽ പുനരധിവാസ പ്രവർത്തനങ്ങളും

രണ്ട് ടൗൺഷിപ്പുകളുടെ നിർമ്മാണവും സമയബന്ധിതമായി പൂർത്തിയാക്കും. പശ്ചാത്തല സൗകര്യ വികസനം നടപ്പാക്കുന്നതോടൊപ്പം ഭവനരഹിതരില്ലാത്ത, അതിദരിദ്രരില്ലാത്ത കേരളം സൃഷ്ടിക്കാൻ ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. കഴിഞ്ഞ എട്ടുവർഷ കാലയളവിലായി 357898 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കേന്ദ്ര നിയമം കാലോചിതമായി പരിഷ്കരിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. 268949 നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തിയിട്ടുണ്ട്. ജൽജീവൻ മിഷനുമായി ബന്ധപ്പെട്ടും നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽനിന്ന് നിയമനങ്ങൾ നടക്കുന്നില്ലെന്നുമുള്ള ആരോപണങ്ങൾ അടിസ്ഥാനരഹിതമാണ്. ഇടമൺ-കൊച്ചി പവർ ഹൈവേ, ഗെയിൽ വാതക പൈപ്പ്ലൈൻ, കൊച്ചി മെട്രോ, കണ്ണൂർ വിമാനത്താവളം, സൂപ്പർ ഫാബ് ലാബ്, ഡിജിറ്റൽ

സർവകലാശാല, ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ, ഡിജിറ്റൽ സയൻസ് പാർക്ക്, വാട്ടർ മെട്രോ എന്നിവ യാഥാർഥ്യമാക്കാൻ സർക്കാരിന് സാധിച്ചു. PPE കിറ്റ് വിഷയത്തിൽ C&AG-ക്ക് ഉചിതവും വ്യക്തവുമായ മറുപടി സർക്കാർ നൽകിയിട്ടുണ്ട്. വിഴിഞ്ഞം വി.ജി.എഫ്. വിഷയത്തിൽ ഗവൺമെന്റ് വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. മദ്യനയത്തിൽ സർക്കാർ പ്രഖ്യാപിച്ച കാര്യങ്ങളാണ് നടപ്പാക്കാൻ ശ്രമിക്കുന്നത്. ബ്രൂവറികൾക്കും ഡിസ്റ്റിലറികൾക്കും പുതിയ യൂണിറ്റുകൾ ആരംഭിക്കാൻ അനുമതി നൽകും. നിക്ഷേപകർ ഗുണപരമായ നിർദേശങ്ങളുമായി വന്നാൽ അതിനെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് ഗവൺമെന്റിനുള്ളത്. പാലക്കാട് ആരംഭിക്കുന്ന ദക്ഷിണേന്ത്യയിലെ ആദ്യത്തെ മൾട്ടി ഫീഡ് ഡിസ്റ്റിലേഷൻ യൂണിറ്റ് പൂർണ്ണതോതിൽ പ്രാവർത്തികമാകുന്നതോടെ 650 പേർക്ക് നേരിട്ടും 2000 പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പാക്കാനാകും. ജല അതോറിറ്റി വഴിയും മഴവെള്ള സംഭരണി വഴിയും പ്ലാന്റിനാവശ്യമായ ജലം ലഭ്യമാകുമെന്നാണ് സർക്കാരിന് സമർപ്പിച്ച അപേക്ഷയിൽ പറഞ്ഞിരിക്കുന്നത്. കമ്പനിയുടെ ടെക്നോളജിക്ക് നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെയും കേന്ദ്ര പരിസ്ഥിതി-വനം മന്ത്രാലയത്തിന്റെയും അനുമതി

ലഭിച്ചിട്ടുണ്ട്. ജവാൻ മദ്യം ഉൽപാദിപ്പിക്കുന്ന തിരുവല്ല ട്രാവൻകൂർ ഷുഗേഴ്സിൽ ജലദൗർലഭ്യം നിലവില്ല. റിലയൻസ് കൊമേഴ്സ്യൽ ഫിനാൻസ് ലിമിറ്റഡിൽ കെ.എഫ്.സി. നിക്ഷേപിച്ച മുഴുവൻ തുകയും തിരികെ ലഭിക്കുന്നതിനുള്ള നിയമനടപടികൾ മുംബൈ ഹൈക്കോടതിയിൽ തുടരുകയാണ്. കഴിഞ്ഞ എട്ടര വർഷത്തിനിടയിൽ ഒറ്റ വർഗ്ഗീയ സംഘർഷം പോലുമുണ്ടാകാത്ത രാജ്യത്തെ ഏക സംസ്ഥാനമാണ് കേരളം. ചൂരൽമല, മുണ്ടക്കൈ അതിജീവിതർക്കായി നെടുമ്പാല, എൽസ്റ്റോൺ എസ്റ്റേറ്റുകളിൽ ഒരുക്കുന്ന ടൗൺഷിപ്പുകൾ പെട്ടെന്നുതന്നെ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിന്റെ മാനവവികസന വിഭവശേഷി ഉപയോഗിച്ച് വിജ്ഞാന സമൂഹം പടുത്തുയർത്താനും ക്ഷേമപദ്ധതികൾക്ക് ഊന്നൽ നൽകാനും ദുരന്താഘാതശേഷിയുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കാനും നടത്തുന്ന ശ്രമങ്ങൾക്ക് എല്ലാവരുടെയും പിന്തുണയുണ്ടാകണം.

ഭേദഗതികൾ സഭ നിരാകരിച്ചു

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദി രേഖപ്പെടുത്തുന്ന ഉപക്ഷേപം ശബ്ദവോട്ടോടെ സഭ അംഗീകരിച്ചു.

സഭ വൈകുന്നേരം 4.25-ന് പിരിഞ്ഞു.

*****